എം.റ്റി(3) 5414/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 22/01/2020

# സർക്കുലർ നമ്പർ ....5../2020

വിഷയം:- സഹകരണവകുപ്പ് - "കൃതി 2020" പരസ്യം നൽകുന്നത് - സഹകരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന :- ബഹു. സഹകരണവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ വച്ച് നടന്ന സ്വാഗതസംഘത്തിലെ തീരുമാനം

*************

സംസ്ഥാന സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം സംഘടിപ്പിക്കുന്ന "കൃതി 2020" അന്താരാഷ്ട്ര പുസ്തകമേളയുടെയും വിജ്ഞാനോത്സവത്തിന്റെയും മൂന്നാം പതിപ്പ് 2020 ഫെബ്രുവരി 6 മുതൽ 16 വരെ എറണാകുളം മറൈൻ ഡ്രൈവിൽ വച്ച് നടക്കുകയാണ്. ദേശീയ അന്തർദ്ദേശീയ തലത്തിൽ അറിവും അനുഭവ സമ്പത്തുമുള്ള വിദഗ്ധരും സാഹിത്യകാരന്മാരും, സാംസ്കാരിക പ്രവർത്തകരും പങ്കെടുക്കുന്ന മേളയുടെ നടത്തിപ്പിലേയ്ക്ക് വലിയൊരു തുക ആവശ്യമാണ്. കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ അന്തർദ്ദേശീയതലം വരെ ഉയർത്തുന്ന ഒരു പരിപാടിയാണിത്. പ്രസ്തുത സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾ അവരവരുടെ സാമ്പത്തികസ്ഥിതിയ്ക്കനുസരിച്ച് പരസ്യങ്ങൾ നൽകി പങ്കാളികളാകുന്നതിന് അനുമതി നൽകുന്നു.

**ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്:

1. സെക്രട്ടറി, സഹകരണവകുപ്പ് (ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. എല്ലാ സഹകരണസംഘങ്ങൾ/ബാങ്കുകൾ
   (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ/സ്പെയർ